19/03/2024 തീയതിയിൽ കൂടിയ ജില്ലാ തല അദാലത്ത് സമിതി തീരുമാനം 1-3

ശ്രീമതി. ഓമന, ആറ്റുചിറ,മുത്തൂർ പി ഓ എന്നയാൾ തിരുവല്ല മുനിസിപ്പാലിറ്റിയിൽ 38/95 നമ്പർ പാർപ്പിടാവശ്യത്തിലുള്ള കെട്ടിടത്തിൽ വീട്ടിൽ ഊണ് എന്ന സംരംഭം നടത്തി വരുന്നതാണെന്നും ടിയാളിന് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത് . ടി കെട്ടിടം താമസാവശ്യത്തിനുള്ള കെട്ടിടമായതിനാൽ തിരുവല്ല മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് നൽകുന്നതിന് കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റണമെന്ന് അറിയിച്ചിട്ടുള്ളതാണ്.കെട്ടിടത്തിന്റെ ചെറിയ ഭാഗം മാത്രമേ വീട്ടിൽ ഊണിനു വേണ്ടി ഉപയോഗിക്കുന്നുള്ളു. ഉച്ചയ്ക്കു മാത്രം ഭക്ഷണം നൽകി കൊണ്ട് ചെറിയ തോതിൽ നടത്തുന്ന സംരഭമാണ്.

വീടിനോട് ചേർന്ന് ആരംഭിക്കുന്ന നാമമാത്ര സംരംഭങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ബുദ്ധിമുട്ട് നേരിടുന്നുണ്ട്. നാമമാത്ര സംരംഭങ്ങൾ വീടിനോട് ചേർന്ന് നടത്തുന്നതിന് അനുമതി നൽകുന്നതിലൂടെ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനും ,കുടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും സാധാരണക്കാരുടെ ജീവനോപാധികൾ സംരക്ഷിക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയും. സംരംഭങ്ങൾ തുടങ്ങുന്നതിന് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെങ്കിൽ വീടിനോട് അനുബന്ധമായി ഉപയോഗക്രമം മാറ്റാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ,ലൈസൻസ് അനുവദിച്ചു നൽകുന്നതിനും അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ ബഹു.സർക്കാർതലത്തിൽ തീരുമാനിക്കേണ്ടതാകയാൽ ബഹു തദ്ദേശസ്വയം ഭരണ സെക്രട്ടറിക്ക് പ്രൊപ്പോസൽ നൽകുന്നതിന് ജോയിന്റ് ഡയറക്ടറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.

District Joint Director
Local Self Government Department
Pathanamthitta